**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ്–ഡോ.ശരത്ത് ചന്ദ്ര ബോസ് **PEN:744719** അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.Letter No.A6-2987/2024/ DMOH** ആലപ്പുഴ **Dated:20.05.2024**

**2.**കാരണം കാണിക്കൽ നോട്ടീസ് നം **DHS/22569/2024-EA5 Dated :30.12.2025**

**ഉത്തരവ് നം.DHS/22569/2024-EA5 തീയതി.06-06-2026**

ഡോ.ശരത്ത് ചന്ദ്ര ബോസ് **,PEN:744719** അസിസ്റ്റന്റ് സർജൻ **,01.08.2014** ന് ആരോഗ്യ വകുപ്പിൽ സർവ്വീസിൽ പ്രവേശിച്ച വ്യക്തിയാണ്. ആലപ്പുഴ ചെട്ടികാട് റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരവെ **01.02.2024** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം **(1)** പ്രകാരം ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് **(work and conduct)** തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം **(2)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ ലഭ്യമായ മേൽ വിലാസത്തിലേയ്ക്ക് അയച്ചു നൽകുകയും ടി നോട്ടീസിന്റെ പകർപ്പ് ടിയാളുടെ അറിവിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും കാരണം കാണിക്കൽ നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല.

ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ

സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

ടി സാഹചര്യത്തിൽ **01.02.2024** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.ശരത്ത് ചന്ദ്ര ബോസ് ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(3).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ.ശരത്ത് ചന്ദ്ര ബോസിന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 06-06-2026
21:21:06

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

**Dr.Sarath Chandra Bos , Rithugrhem , Poonthoppu , Avalookunnu P O , Alappuzha 688006**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),ആലപ്പുഴ
3. അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ ,റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ , ചെട്ടികാട് , ആലപ്പുഴ

   (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ